**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2275** **30-09-2025-ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയശസ്ത്രക്രിയയ്ക്ക് ഉപകരണങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം**

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
| --- | --- |
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. കെ. മുരളീധരൻ |
| ശ്രീ. പി. സി. വിഷ്ണുനാഥ് | (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി) |
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | |
| ശ്രീ. ചാണ്ടി ഉമ്മൻ | |
| ശ്രീ. സി. ആർ. മഹേഷ് | |

**(എ)** തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹൃദയശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമല്ലാത്തതു കാരണം ശസ്ത്രക്രിയ മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഹൃദയ സംബന്ധമായ ചികിത്സകൾക്കും ആൻജിയോപ്ലാസ്റ്റി ചികിത്സകൾക്കും തടസ്സം നേരിട്ടിട്ടില്ല. കാർഡിയാക് കാത്ത് ലാബ് മുഴുവൻ സമയവും തടസങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്.

**(ബി)** ഇത് സംബന്ധിച്ച് സൂപ്രണ്ടിന് വകുപ്പ് മേധാവിയുടെ കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**മറുപടി:** ശസ്ത്രക്രിയ ഉപകരണങ്ങൾ സ്റ്റോക്കിൽ കുറവ് വരുന്ന മുറയ്ക്ക് അതാത് വകുപ്പ് മേധാവികളുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് ആശുപത്രി സൂപ്രണ്ട്/ബന്ധപ്പെട്ട അധികാരികൾ ആയവ വാങ്ങി നൽകി വരുന്നത്. ഇത് സാധാരണ നടപടിക്രമമാണ്. വകുപ്പ് മേധാവിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടി സ്വീകരിക്കുകയും ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാർഡിയാക് കാത്ത് ലാബ് മുഴുവൻ സമയവും, തടസങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**